# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1988 — 05/10/2016 -ൽ മറുപടിക്ക്

## ഇടക്കൊച്ചി-പള്ളുരുത്തി കുടിവെള്ളക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സ്വരാജ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഇടക്കൊച്ചി-പള്ളുരുത്തി പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് പരിഹരിക്കുന്നതിലേക്കായി ജൻറം പദ്ധതി ഈ പ്രദേശത്തുകൂടി നടപ്പിലാക്കുമോ; | (ബി) ഇത് പരിഹരിക്കുന്നതിലേക്കായി ജൻറം പദ്ധതിയിൽ നിന്നുള്ള 8 എം.എൽ.ഡി ജലം കൂടി ഉപയോഗപ്പെടുത്തി താഴെപറയുന്ന മൂന്ന് പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.<br>(1) അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ ഇടക്കൊച്ചി തെക്കേ അറ്റം വരെ 450 mm DI K9 പൈപ്പ് സ്ഥാപിക്കുവാനുള്ള മൂന്ന കോടി രൂപയുള്ള പദ്ധതി.<br>(2) ഇടക്കൊച്ചി-അരൂർ പാലത്തിന്റെ അടിയിൽ 50 mm HDPE പൈപ്പും ഇടക്കൊച്ചി പാലത്തിന്റെ വടക്കേ അറ്റത്തു നിന്നും പാമ്പായിമൂല വരെ 450 mm DI K9 പൈപ്പും സ്ഥാപിക്കുന്ന പദ്ധതി.<br>(3) ഇടക്കൊച്ചി പാലത്തിലെ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയും പമ്പ് ഹൗസും സ്ഥാപിക്കുന്ന പ്രവർത്തി. |
| (സി) ഇതിലേക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും യോഗം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | (സി) ബഹുമാനപ്പെട്ട എം.എൽ.എ മാരായ ശ്രീ. എം.സ്വരാജ്, ശ്രീ. ജോൺ ഫെർണാണ്ടസ് എന്നിവരുടെ സാന്നിധ്യത്തിൽ 19/8/2016 -ൽ മധ്യമേഖലാചീഫ് എഞ്ചിനീയറുടെ |

| | | | |
|---|---|---|---|
| | | | ചേംബറിൽ അവലോകന യോഗം നടന്നിരുന്നു. കൂടാതെ ഹെഡ് ഓഫീസ് തലത്തിലും അവലോകന യോഗം നടത്താറുണ്ട്. |
| (ഡി) | ഏറ്റവും വേഗത്തിൽ തന്നെ പ്രസ്തുത പ്രദേശത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ഡി) & (ഇ) | പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | എന്നത്തേക്ക് ഈ നടപടികൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ

JSK/